കോ–ഓർഡിനേഷൻ കമ്മിറ്റി
കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ &
കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ
(Affiliated to AIRRBEA & BEFI)
സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505
Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 16/2023

01.08.2023

# സമ്മേളനത്തിൽ ഉയർന്നു വന്ന പ്രശ്നങ്ങൾ ഉയർത്തി പ്രക്ഷോഭത്തിലേക്ക്

സഖാക്കളെ,

ജൂലായ് 22, 23 തിയ്യതികളിൽ കോട്ടയത്ത് ചേർന്ന നമ്മുടെ സംഘടനയുടെ അഞ്ചാം സമ്മേളനം ബാങ്കിനേയും ജീവനക്കാരേയും ബാധിക്കുന്ന സുപ്രധാന വിഷയങ്ങൾ സസൂക്ഷ്മം പരിശോധിച്ചു. ബാങ്കിനേയും ജീവനക്കാരേയും ബാധിക്കുന്ന വിഷയങ്ങളിൽ നിസ്സംഗതയും നിഷ്ക്രിയത്വവുമാണ് മാനേജ്മെൻറ് തുടരുന്നത്. ഇത് അവസാനിപ്പിക്കാൻ പ്രക്ഷോഭം മാത്രമാണ് പോംവഴിയെന്നും പ്രക്ഷോഭത്തിലേക്ക് നീങ്ങണമെന്നും സമ്മേളനം തീരുമാനിച്ചു.

**ജോയിന്റ് കോൺഫറൻസ്:**

കൃത്യമായ ഇടവേളകളിൽ ബാങ്കിനേയും ജീവനക്കാരേയും ബാധിക്കുന്ന വിഷയങ്ങൾ അംഗീകൃത സംഘടനകളുമായി ചർച്ച ചെയ്ത് തീരുമാനങ്ങളെടുക്കുകയും അതുവഴി വ്യവസായ അന്തരീക്ഷം സമാധാനപരമായി നിലനിർത്താനുള്ള വേദിയൊരുക്കുകയും ചെയ്യുക എന്നതാണ് ജോയിന്റ് കോൺഫറൻസ് എന്ന പ്രക്രിയ വഴി ഉദ്ദേശിക്കുന്ന കാര്യം. സാധാരണ ഗതിയിൽ മൂന്ന് മാസത്തിൽ ഒരു തവണ ജോയിന്റ് കോൺഫറൻസ് നടക്കണം. നമ്മുടെ ബാങ്കിൽ അവസാനമായി ജോയിന്റ് കോൺഫറൻസ് നടന്നത് 2022 മാർച്ച് മാസം ആണ്. എന്നാൽ ആ ജോയിന്റ് കോൺഫറൻസിന്റെ മിനുട്സ് ഇതുവരെ പ്രസിദ്ധീകരിക്കാൻ മാനേജ്മെന്റ് തയ്യാറായിട്ടില്ല.

**ദിവസക്കൂലിക്കാരെ സ്ഥിരപ്പെടുത്തൽ :**

2018 ലെ ഐതിഹാസികമായ സമരം ഒത്തുതീരുമ്പോൾ മാനേജ്മെന്റ് എഴുതി ഒപ്പിട്ട കരാറിന്റെ അന്തസ്സത്ത ഇതായിരുന്നു. ‘ 2016 ലെ ബിസിനസ്സ് അനുസരിച്ച് OATD കാഡറിൽ 329 വേക്കൻസി ഉണ്ട്. അത് re assess ചെയ്യും. അതനുസരിച്ച് നടക്കുന്ന നിയമനത്തിൽ ദിവസകൂലിക്കാരെ സ്ഥിരപ്പെടുത്തും. "Re assess നടത്തിയപ്പോൾ വേക്കൻസി പൂജ്യമായി പോകുന്ന വിചിത്രമായ കാഴ്ചയാണ് നാം കണ്ടത്. 2018 ൽ നാം ഒറ്റക്കായിരുന്നു സമരരംഗത്ത് ഉണ്ടായിരുന്നതെങ്കിൽ പിന്നീട് മറ്റ് സംഘടനകളും ഈ വിഷയത്തിൽ യോജിച്ച സമരത്തിന് തയ്യാറായി. ഒടുവിൽ മിത്ര കമ്മിറ്റി ശുപാർശ പ്രകാരമുള്ള വേക്കൻസികൾ assess ചെയ്യും എന്ന് മാനേജ്മെന്റ് കരാർ ഒപ്പിട്ടു. എന്നാൽ വേക്കൻസി കണക്കാക്കിയപ്പോൾ OATD കാഡറിനെ കുറിച്ച് പരാമർശമൊന്നുമില്ല. ഈ നെറികേടിനെ സംഘടനാ പരമായി തന്നെ പ്രതിരോധിക്കണം.

**പുതിയ നിയമനം:**

സംയുക്ത സമരസമിതിയുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച് വേക്കൻസി കണക്കാക്കേണ്ടത് മിത്ര കമ്മിറ്റി ശുപാർശ അനുസരിച്ചാണ്. എന്നാൽ മാനേജ്മെന്റിന്റെ കണക്ക് ഒരു കൊട്ടത്താപ്പിലാണ്. മിത്ര കമ്മിറ്റി പ്രകാരം വേക്കൻസി re assess ചെയ്യുകയും വേക്കൻസി മുഴുവനായും നികത്തത്തക്കവിധം waiting list ൽ നിന്നും ആളെ എടുക്കാനുള്ള അനുവാദം വാങ്ങുകയും വേണം.

**ചോയ്സിനു നൽകുന്ന അമിത പ്രാധാന്യം:**

സമ്മേളനത്തിൽ ഉയർന്നു വന്ന പ്രധാന വിഷയങ്ങളിൽ ഒന്ന് ചോയ്സിന് മാനേജ്മെന്റ് നൽകുന്ന അമിത പ്രാധാന്യത്തെ കുറിച്ചാണ്. ദീർഘകാലാടിസ്ഥാനത്തിൽ, ബാങ്കിന്റെ അടിത്തറ തകർക്കുന്നതാ

യിരിക്കും ഈ കള്ളക്കച്ചവടം എന്നതിനാലാണ് ചോയ്സ് ഉൾപ്പെടെയുള്ള ഇൻഷുറൻസ് ബിസിനസ്സ് ബഹിഷ്കരിക്കണം എന്ന ശരിയായ നിലപാട് സംഘടന സ്വീകരിച്ചത്. ചോയ്സ് ഇൻഷുറൻസുമായി ബന്ധപ്പെട്ട് ചില ശാഖകളിൽ ചില ഇടപാടുകാർക്കുണ്ടായ ദുരനുഭവം പ്രതിനിധികൾ സമ്മേളനത്തിന് മുമ്പാകെ അവതരിപ്പിച്ചു. ചില മേലാളൻമാർക്ക് വിദേശയാത്ര തരപ്പെടും എന്നതിനാൽ നമ്മുടെ ഇടപാടുകാരെ ഈ കൊള്ളക്കാർക്ക് വിട്ടുകൊടുക്കാൻ കഴിയില്ല. ട്രെയിനിംഗ് എന്ന പേരിൽ നടക്കുന്ന വിദേശയാത്രയിൽ റിട്ടയർ ചെയ്ത ജീവനക്കാരനും ‘ ട്രെയിനിംഗ് ‘ കൊടുത്തത്രെ! ഇതിന്റെയെല്ലാം വിശദാംശങ്ങൾ നമ്മുടെ കൈവശമുണ്ട്. ബന്ധപ്പെട്ട അധികാരകേന്ദ്രങ്ങൾക്ക് അവ നൽകുന്നതാണ്. ചോയ്സിനെതിരായ പ്രചരണ പരിപാടികൾ ശക്തമാക്കണം എന്ന് സമ്മേളനം തീരുമാനിച്ചു.

**നിയമവിരുദ്ധമായ കൽപനകൾ, മാനേജ്മെന്റിന്റെ സമീപനം:**

ചിലപ്പോഴെങ്കിലും ഹെഡ് ഓഫീസിൽ നിന്നും റീജിയണൽ ഓഫീസുകളിൽ നിന്നും നിയമവിരുദ്ധമായ കാര്യങ്ങൾ ആവശ്യപ്പെടുന്ന സ്ഥിതിയുണ്ട് എന്ന് പല പ്രതിനിധികളും ചൂണ്ടിക്കാട്ടി. ഒരു ക്ലിക്കിൽ ഹെഡ് ഓഫീസിൽ ലഭിക്കുന്ന വിവരങ്ങൾ ശാഖകളിൽ നിന്ന് നൽകാൻ നിരന്തരം ആവശ്യപ്പെടുന്ന പ്രവണതയും വർധിച്ചുവരുന്നു. സർവ്വീസ് റെഗുലേഷനോ നിയമങ്ങളോ ഒന്നും അല്ല ജീവനക്കാർ തങ്ങളുടെ whims and fancy അനുസരിച്ച് പ്രവർത്തിക്കേണ്ടവരാണ് എന്ന ‘ ഉടമ ബോധം ‘ ചിലരുടെയെങ്കിലും തലയിൽ രൂപം കൊള്ളുന്നുണ്ട് എന്നും സമ്മേളനത്തിൽ അഭിപ്രായം ഉയർന്നു. ജീവനക്കാരെ അടിമകളാക്കാമെന്ന മോഹം ആരുടെയെങ്കിലും മനസ്സിൽ മൊട്ടിടുന്നുണ്ടെങ്കിൽ അതവിടെ തന്നെ ഇരുന്നാൽ മതിയെന്നും  പുറത്തെടുത്താൽ ആ പത്തി അടിച്ചുതാഴ്ത്തുമെന്നും സമ്മേളനം അസന്നിഗ്ദമായി വ്യക്തമാക്കി. ഏതെങ്കിലും കൺട്രോളിംഗ് ഓഫീസിൽ നിന്ന് നിയമ വിരുദ്ധമായ കാര്യങ്ങൾ ചെയ്യാൻ ആവശ്യപ്പെട്ടാൽ അത് ചെയ്യേണ്ടതില്ലെന്നും സമ്മേളനം വ്യക്തമാക്കി.

സഖാക്കളെ,

ബാങ്കിന്റെ ആരോഗ്യകരമായ വളർച്ചയിൽ കൈമെയ് മറന്ന് പ്രവർത്തിക്കുന്നവരാണ് നാം. ഏറ്റവും നന്നായി ജോലി ചെയ്യുന്നവർക്കേ ജീവനക്കാരുടെ അവകാശങ്ങളെ കുറിച്ച് ഉത്തമ ബോധ്യമുണ്ടാകൂ. ആ അർത്ഥത്തിൽ പ്രശ്നങ്ങളെ പരിശോധിച്ച സമ്മേളനം മുകളിൽ കാണിച്ച പ്രധാന പ്രശ്നങ്ങൾ ഉയർത്തി പ്രക്ഷോഭത്തിലേക്ക് നീങ്ങണം എന്ന് തീരുമാനിച്ചു. പ്രക്ഷോഭത്തിന്റെ രീതി, തിയ്യതി എന്നിവ തീരുമാനിക്കാൻ പുതിയ കേന്ദ്ര കമ്മിറ്റിയെ സമ്മേളനം ചുമതലപ്പെടുത്തി.

പുതിയ കേന്ദ്ര കമ്മിയുടെ ആദ്യ യോഗം ഓഗസ്റ്റ് 7 ന് ചേരും. അതിന് മുന്നോടിയായി ഭാരവാഹി യോഗം ഓഗസ്റ്റ് 6 ന് ചേരുന്നുണ്ട്. ഏതൊരു പ്രക്ഷോഭത്തിലും മുഴുവൻ ജീവനക്കാരേയും അണിനിരത്താനാണ് നാം ശ്രമിക്കുക. അതനുസരിച്ച് മറ്റ് സംഘടനകളുമായും നാം ആശയവിനിമയം നടത്തും

അഭിവാദനങ്ങളോടെ,

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 9895710203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 9847407673

karline29.deviantart